# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/55/2018 2018 മാർച്ച് 13

## പത്രക്കുറിപ്പ്

**എപ്രിൽ മുതൽ എം.ജി യിൽ പേപ്പർ രഹിത ഭരണസംവിധാനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഏപ്രിൽ മുതൽ ഫയൽ നടപടികൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റിക്കൊ ് കടലാസ്സ് രഹിത ഭരണസംവിധാനം നിലവിൽ വരും. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ഭരണനടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനോടനുബന്ധിച്ചാണിത്. ഡിജിറ്റൽ ഡേറ്റാ ഫയൽ സിസ്റ്റം (ഡി.ഡി.എഫ്.എസ്.) എന്ന സോഫ്‌വെയർ സംവിധാനമാണ് ഈ പദ്ധതിയ്ക്കായി ഉപയോഗിക്കുന്നത്. ഇത് നിലവിൽ വരുന്നതോടെ ഭരണ സംവിധാനത്തിന്റെ ഭാഗമായുള്ള ഫയൽ നടപടികൾ കമ്പ്യൂട്ടറധിഷ്ടിതമാകുകയും ഭരണ നടപടികൾ സുതാര്യവും കാര്യക്ഷമവും അതിവേഗതയുള്ളതുമായി മാറും. സർവ്വകലാശാലകളിൽ ഇ-ഗവേർണൻസ് നടപ്പാക്കുന്നതോടെ, വിവിധ തട്ടുകളിൽ ഫയൽ നീക്കം നിരീക്ഷിക്കുന്നതിനും തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സാധിക്കും.

കേരളത്തിലെ സർവ്വകലാശാലകളിൽ ഇ-ഗവേർണൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തുകയും മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിക്കുകയും ചെയ്ത് സർക്കാർ ഉത്തരവിറക്കിയിരുന്നു.

മഹാത്മഗാന്ധി സർവ്വകലാശാലയിൽ ഇപ്പോൾ പരീക്ഷാ ചോദ്യപ്പേപ്പറുകളുടെ വിതരണം, വിദ്യാർത്ഥികളുടെ വിവിധ ഫീസുകൾ, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രോവിഡന്റ് ഫ ് അക്കൗ ുകൾ, ശമ്പള വിതരണം തുടങ്ങിയവ ഓൺ ലൈൻ സംവിധാനത്തിലൂടെ ആണ് നിർവ്വഹിക്കപ്പെടുന്നത്.

ഇ-ഗവേർണൻസ് നടപ്പാക്കുന്നതിനായി 540 കമ്പ്യൂട്ടറുകൾ നെറ്റ് വർക്കിംഗ് നടത്തി വിന്യസിക്കുന്ന പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തിയാക്കും.

ഇ-ഗവേർണൻസ് നടപ്പാക്കുന്നതിനോടനുബന്ധിച്ച്. ജീവനക്കാർക്ക് 15 ദിവസത്തെ പരിശീലന പരിപാടിയും രജിസ്ട്രാറുടെ നേതൃത്വത്തിൽ നടപ്പിലാക്കും. മേയ് 1 മുതൽ സമ്പൂർണ്ണമായും ഇ-ഗവേണൻസ് നടപ്പിലാക്കുന്ന കേരളത്തിലെ ആദ്യ സർവ്വകലാശാലയായി മഹാത്മാഗാന്ധി സർവ്വകലാശാല മാറും. മാർച്ച് 31-നകം ക്യാമ്പസ് വൈഫൈ, ഇ-ക്ലാസ് റൂം എന്നിവ 14 പഠനവകുപ്പുകളിലും നിലവിൽ വരും. 400 കി. വാട്ട് സൗരോർജ്ജ പ്ലാന്റ് പദ്ധതിയും പൂർത്തിയാക്കുന്നതിന് വൈസ് ചാൻസലർ ഡോ. ബാബുസെബാസ്റ്റ്യൻ, പ്രൊ വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റിന്റെ പ്ലാനിംഗിനും ഡവലപ്മെന്റിനുമായുള്ള സമിതി കൺവീനർ ഡോ. കെ.കൃഷ്ണദാസ്, ധനകാര്യ ഉപസമിതി കൺവീനർ ഡോ. കെ. ഷെറഫുദ്ദീൻ എന്നിവർ പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചു.

## പരീക്ഷാ ഫലം

2017 ഒക്ടോബർ മാസം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ നാലാം സെമസ്റ്റർ എം.എഡ് (ദ്വിവത്സരം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

## സിൻഡിക്കേറ്റ് യോഗം

മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം മാർച്ച് 24 ന് രാവിലെ 10.30ന് സർവ്വകലാശാല സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

## എം.ജി യിൽ എറുഡൈറ്റ് പ്രഭാഷണം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നാനോസയൻസ് പഠന കേന്ദ്രം, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ, ഫ്രാൻസിലെ റാപ്സോഡി റിസർച്ച് ലബോട്ടറി ഡയറക്ടറും പ്രശസ്ത മെറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. ആൻഗേനെഗാഷി എറുഡൈറ്റ് പ്രഭാഷണങ്ങൾ നടത്തും. റീ സൈക്ലിംഗിലെ നൂതന പ്രവണതകൾ, ബയോചാർ ഉല്പാദനം, കമ്പോസ്റ്റ് നിർമ്മാണം, തുടങ്ങിയ വിഷയങ്ങളിലാണ് പ്രഭാഷണം . സ്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ നാളെ വരെ (മാർച്ച് 15) വൈകിട്ട് 3 മുതൽ 5 വരെയാണ് പ്രഭാഷണം.

**പബ്ളിക്റിലേഷൻസ് ഓഫീസർ (ഇൻചാർജ്ജ്)**